21. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം RIDF

22. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം മൂലധന ശീർഷകം

23. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

24. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

25. ബീജസങ്കലന സൗകര്യം വർദ്ധിപ്പിക്കൽ

26. ഫാമുകളുടെ ശാക്തീകരണം

27. താറാവ് വളർത്തൽ കേന്ദ്രം

28. മൃഗപരിപാലന വിജ്ഞാന വ്യാപനം.

വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്രനിയമം

267 (2987) ഡോ. എൻ. ജയരാജ്:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്ര നിയമം കർശനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വളർത്തുമൃഗങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (Prevention of Cruelty to Animals, 1960) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി നിയമനടപടികൾ സ്വീകരിക്കുന്നത് ഈ നിയമപ്രകാരമാണ്. ഇതുമായി ബന്ധപ്പെട്ട നിയമനടപടികൾ പോലീസ് വകുപ്പ് അധികാരികളാണ് സ്വീകരിക്കുന്നത്. പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) വളർത്തുനായകളുടെ കുത്തിവയ്പിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഈ ആവശ്യത്തിനായി 2016-17-ൽ 2,70,00,000 (രണ്ട് കോടി എഴുപത് ലക്ഷം രൂപ)കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് Rabies free Kerala Vaccination campaign നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വളർത്തുനായകളുടെ കുത്തിവയ്പിനായി മൊബൈൽ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

&

(ഡി) കൂടുതൽ മൊബൈൽ യൂണിറ്റുകൾ രൂപീകരിച്ച് തെരുവുനായകൾ ഉൾപ്പെടെയുള്ളവയുടെ കുത്തിവയ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) വളർത്തുനായകളുടെ കുത്തിവയ്പിനായി സംസ്ഥാനത്ത് മൊബൈൽ കുത്തിവയ്പ് സംവിധാനം രൂപീകരിച്ചിട്ടില്ല. മൃഗാശുപത്രികളിൽവച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു.

വാമനപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ ഓഫീസുകൾ

268 (2988) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	സ്ഥാപനത്തിന്റെ പേര്
(1)	(2)	(3)
1	ആനാട്	1.വെറ്ററിനറി ഡിസ്പെൻസറി, ആനാട് 2. വെറ്ററിനറി ഉപകേന്ദ്രം, മൂഴി 3. വെറ്ററിനറി ഉപകേന്ദ്രം, വേങ്കവിള
2	കല്ലറ	1. വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമല 2. വെറ്ററിനറി ഉപകേന്ദ്രം, പരപ്പിൽ 3. വെറ്ററിനറി ഉപകേന്ദ്രം, കൊടിതൂക്കിയകുന്ന്

LIBRARY ARCHIVES Kerala Legislative Assembly